ദൈവസന്നധൗ ഞാൻ സ്തോത്രം പാടീട്ടും
ദൈവം നൽകിയ നന്മകൾക്കായ്
ദൈവം ഏകി തൻ സൂനുവേ പാപി എനിക്കായ്
ഹല്ലേലൂയ്യാ ഗീതം പാടും ഞാൻ
പാടി സ്തുതിക്കും ഞാൻ പാടി സ്തുതിക്കും
സ്തോത്രഗീതം പാടി സ്തുതിക്കും

അന്ധകാരമെൻ അന്ധരംഗത്തെ
ബന്ധനം ചെയ്തടിമയാക്കി
ബന്ധുരാഭനം തൻ സ്വന്തപുത്രനാൽ
ബന്ധനങ്ങളഴിച്ചുവല്ലോ (2) പാടി

ശത്രുവാമെന്നെ പുത്രനാക്കുവാൻ
പുത്രനെ കുരിശിലേൽപ്പിച്ചു
പുത്രനെ നൽകി എത്ര സൗഭാഗ്യം
സ്തോത്രഗീതം പാടി സ്തുതിക്കും (2) പിടി

വിളിച്ചു എന്നെ വെളിച്ചമാക്കി
വിളിച്ചവനായി ശോഭിപ്പാൻ
ഒളിവിതരും നൽ തെളി വചനം
എളിയവനെങ്ങും ഘോഷിക്കും (2) പാടി